# സോളിഡാരിറ്റി ആലപ്പുഴ ജില്ലാ സമ്മേളനം





**ആലപ്പുഴ:** ചരിത്രമുറങ്ങുന്ന ആലപ്പുഴയുടെ മണ്ണിൽ നടന്ന സോളിഡാരിറ്റി ജില്ലാ സമ്മേളനവും പ്രകടനവും ശ്രദ്ധേയമായി. അനീതിക്കും അഴിമതിക്കും അധാർമികതക്കുമെതിരെ സന്ധിയില്ലാത്ത പോരാട്ടം നടത്തുന്ന യുവചേതന ആലപ്പുഴ മുനിസിപ്പൽ മൈതാനിയിൽനിന്ന് സമ്മേളന നഗരിയിലേക്ക് നീങ്ങിയപ്പോൾ നഗരത്തിന് അത് വ്യത്യസ്ത അനുഭവമായി. സാമ്രാജ്യത്വത്തിന് മുന്നറിയിപ്പ് നൽകിയും നെറികേടുകളെയും അസമത്വങ്ങളെയും ചോദ്യം ചെയ്തും മർദിത ജനതകളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചും ആവേശത്തോടും അച്ചടക്കത്തോടും മുന്നോട്ടുനീങ്ങിയ പ്രകടനത്തിൽ സമ്മേളനപ്രമേയത്തിന്റെ വിവിധ തലങ്ങൾ ചിത്രീകരിക്കുന്ന നിശ്ചല ദൃശ്യങ്ങളുമുണ്ടായിരുന്നു. ആദിവാസികളുടെ ദുരിതം പ്രകടമാക്കുന്ന 'ബഹിഷ്കൃതർ' എന്ന നിശ്ചല ദൃശ്യവും 'ചെകുത്താൻ വരുന്നു നിങ്ങളിലേക്ക്' എന്ന ദൃശ്യവും നീതിനിഷേധത്തിന്റെ ബലിയാടായി തടവറയിൽ കഴിയുന്ന മഅ്ദനിയെ ഉപയോഗപ്പെടുത്തിയുള്ള കപടനാടകങ്ങൾ ചിത്രീകരിക്കുന്ന ദൃശ്യവും ശ്രദ്ധപിടിച്ചുപറ്റി. സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറി കെ.എ ശഫീഖ്, ജില്ലാ പ്രസിഡന്റ് എം.എച്ച് ഉവൈസ്, സെക്രട്ടറി എസ്. മുജീബുർറഹ്മാൻ, സമ്മേളന ജനറൽ കൺവീനർ ടി.എസ് സബീർ ഖാൻ, കൺവീനർ വൈ. ഇർശാദ് പ്രകടനത്തിന് നേതൃത്വം നൽകി.

മഗ്രിബ് നമസ്കാരാനന്തരം തിരുവമ്പാടിയിൽ നടന്ന പൊതുസമ്മേളനം ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്തു. സത്യസന്ധതയോടും കരളുറപ്പോടും സോളിഡാരിറ്റിയോട് മത്സരിക്കാൻ കഴിയുന്ന ഒരു യുവജന സംഘടനയും കേരളത്തിലില്ലെന്ന് അമീർ പറഞ്ഞു. എല്ലാ സംഘടനകളും കടമയിൽനിന്ന് വഴിമാറുമ്പോൾ സോളിഡാരിറ്റിക്കു മുമ്പിൽ വഴി തുറന്നു കിടക്കുകയാണ്. രാഷ്ട്രീയ-മതസംഘടനകൾ യുവാക്കളെ നിരാശരാക്കുന്ന തരത്തിലാണ് മുന്നോട്ടു പോകുന്നത്. ഈ സാഹചര്യത്തിൽ ദൈവികദർശനം ഉൾക്കൊണ്ട യുവസമൂഹത്തെ രാജ്യത്തിന് ഗുണകരമായ ദൗത്യത്തിലേക്ക് തിരിച്ചുവിടുകയെന്നതാണ് സോളിഡാരിറ്റിക്ക് നിർവഹിക്കാനുള്ളത്. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ എന്ന് പറഞ്ഞവർ തന്നെ കൃഷിക്കാരിൽനിന്ന് ഭൂമി പിടിച്ചെടുത്ത് കുത്തകകൾക്ക് നൽകുന്ന കാഴ്ചയാണ് ഇന്നുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ സേവനത്തിന്റെയും പോരാട്ടത്തിന്റെയും മുഖം അനാവരണം ചെയ്യുക എന്ന ദൗത്യമാണ് സോളിഡാരിറ്റിക്ക് നിർവഹിക്കാനുള്ളത് - അമീർ പറഞ്ഞു.

പ്രശസ്ത പരിസ്ഥിതി-മനുഷ്യാവകാശ പ്രവർത്തകൻ ക്ലോഡ് അൽവാരിസ് മുഖ്യപ്രഭാഷണം നിർവഹിച്ചു. സാമ്രാജ്യത്വ കുത്തകകൾക്ക് കടന്നുവരാനുള്ള അവസരം ഒരുക്കുകയാണ് ഭരണാധികാരികളെന്ന് അദ്ദേഹം പറഞ്ഞു. ആഗോള സാമ്രാജ്യത്വം വെച്ചുനീട്ടുന്ന തൊഴിൽ വ്യവസ്ഥിതിയോട് യുവതലമുറ കാണിക്കുന്ന ആഭിമുഖ്യം ആശങ്കാജനകമാണ്. സാമ്രാജ്യത്വത്തിനെതിരെ പോരാടാൻ യുവസമൂഹം ആർജവം കാണിക്കേണ്ട കാലഘട്ടമാണിത്. ചെറുകിട വ്യാപാര മേഖലയെ തകർക്കുന്ന കുത്തകകളുമായി പ്രധാനമന്ത്രിയടക്കമുള്ളവർ ചർച്ച നടത്തിക്കഴിഞ്ഞു. ഇക്കാര്യത്തിൽ പാർലമെന്റിനോ ജുഡീഷ്യറിക്കോ ഒരു പങ്കും ഭരണകൂടം കൽപിക്കുന്നില്ല. വ്യവസായ കേന്ദ്രീകൃത വികസനനയം ഗുരുതരമായ ശുദ്ധജലക്ഷാമത്തിലേക്ക് എത്തിക്കുന്ന കാലം വിദൂരമല്ലെന്ന് സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയംഗം കൂടിയായ അദ്ദേഹം ചൂണ്ടിക്കാട്ടി. അമേരിക്കയുടെ സാമ്രാജ്യത്വ നയങ്ങൾക്കെതിരെ പോരാടുന്ന നേതാക്കളുടെ നിര കുറഞ്ഞുവരുന്നതായി അദ്ദേഹം പറഞ്ഞു. അതേസമയം, ലോകത്തിന്റെ ഏതുകോണിലും സാമ്രാജ്യത്വത്തിനെതിരെയുള്ള പോരാട്ടത്തിന് വെളിച്ചം പകരാൻ മുസ്‌ലിം സമൂഹമല്ലാതെ മറ്റൊരു ശക്തിയില്ല. മതം ശക്തമായ ഉപകരണം തന്നെയാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ് - അദ്ദേഹം പറഞ്ഞു. സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽഹമീദ് വാണിയമ്പലം അധ്യക്ഷത വഹിച്ചു. സി.ആർ നീലകണ്ഠൻ, ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന കൂടിയാലോചനാ സമിതിയംഗം പി.സി ഹംസ, സോളിഡാരിറ്റി സംസ്ഥാന സമിതിയംഗം കെ.എ ഫൈസൽ, ജില്ലാ പ്രസിഡന്റ് എം.എച്ച് ഉവൈസ്, സെക്രട്ടറി എസ്. മുജീബുർറഹ്മാൻ സംസാരിച്ചു. ടി.എസ് സബീർ ഖാൻ, വൈ. ഇർശാദ്, യു. മുഹമ്മദ് ബശീർ പ്രമേയങ്ങൾ അവതരിപ്പിച്ചു. കെ.എ റശീദ് ഖുർആനിൽനിന്ന് അവതരിപ്പിച്ചു.

## 'ദലിത് ജീവിതം അമ്പതാണ്ടിൽ'

**ഹരിപ്പാട്:** ദലിത് സമൂഹത്തിന്റെ ആകുലതകൾ പങ്കുവെച്ച സോളിഡാരിറ്റി ചർച്ചാസംഗമം ശ്രദ്ധേയമായി. ആലപ്പുഴ ജില്ലാ സമ്മേളനത്തിന്റെ ഭാഗമായാണ് 'ദലിത് ജീവിതം അമ്പതാണ്ടിൽ' എന്ന തലക്കെട്ടിൽ ചർച്ച സംഘടിപ്പിച്ചത്.

ജാതി, ഉപജാതികളായി ഭിന്നിച്ചതും സംഘടനാ ബാഹുല്യവുമാണ് ദലിതന്റെ പിന്നാക്കാവസ്ഥക്ക് കാരണമെന്ന് ചർച്ചയിൽ അഭിപ്രായമുയർന്നു. അധ്വാനിച്ചിരുന്ന കൃഷിഭൂമിയിൽ അവകാശം ലഭിക്കാതെ പോയതാണ് ദലിതുകളുടെ ഏറ്റവും വലിയ ദുരന്തം. ദലിതന്റെ പുരോഗതിക്കായി ആയിരക്കണക്കിന് കോടികൾ ചെലവഴിച്ചിട്ടും മൂലധനമില്ലാത്തവനായി ഇന്നും ദലിതൻ ജീവിതം മുന്നോട്ട് തള്ളിനീക്കുകയാണ്. ദലിതനു വേണ്ടി ശബ്ദിക്കാൻ ആരുമില്ല. സംവരണമണ്ഡലങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർപോലും തങ്ങൾക്ക് വേണ്ടി ശബ്ദിക്കാത്തതിന്റെ പേരിൽ ദലിത് പ്രതിനിധികൾ രോഷം കൊണ്ടു. കെ.കെ ഷാജു എം.എൽ.എ ഉദ്ഘാടനം ചെയ്തു. സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് എം.എച്ച് ഉവൈസ് അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രതിനിധിസഭാംഗം ശംസുദ്ദീൻ നദ്‌വി വിഷയമവതരിപ്പിച്ചു. വൈ. ഇർശാദ് മോഡറേറ്ററായിരുന്നു. ദലിത് ഐക്യ സമിതി സംസ്ഥാന കൺവീനർ കെ.എം സലിംകുമാർ, *സൂചകം* എഡിറ്റർ കെ.കെ കൊച്ച്, ദലിത്-ആദിവാസി വികസന പഠനകേന്ദ്രം ചെയർമാൻ ആർ. പ്രകാശ്, കെ.പി.എം.എസ് സംസ്ഥാന സെക്രട്ടറിയേറ്റംഗം തുറവൂർ സുരേഷ്, ഡി.എസ്.എസ് ജില്ലാ കൺവീനർ ഉദയകുമാർ, ജ.ഇ ഏരിയാ ഓർഗനൈസർ എം. ഇബ്റാഹീം കുട്ടി, സോളിഡാരിറ്റി ജില്ലാ സെക്രട്ടറി എസ്. മുജീബുർറഹ്മാൻ സംസാരിച്ചു.

സോളിഡാരിറ്റി കണ്ണൂർ ജില്ലാ സമ്മേളനം

# സാമ്രാജ്യത്വ ഭീകരതക്കെതിരെ ഒന്നിക്കുക: പ്രഫ. ബൻവാരിലാൽ ശർമ

**കണ്ണൂർ:** നവകൊളോണിയൽ ഭീകരതക്കെതിരെ എല്ലാവരും ചേർന്ന് സമരത്തിന്റെ ഐക്യനിര കെട്ടിപ്പടുക്കണമെന്ന് രാജസ്ഥാൻ ആസാദി ബച്ചാവോ ആന്ദോളൻ ചെയർമാൻ പ്രഫ. ബൻവാരിലാൽ ശർമ ആഹ്വാനം ചെയ്തു. തലശ്ശേരി പുതിയ ബസ്സ്റ്റാന്റിൽ സോളിഡാരിറ്റി ജില്ലാ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പഴയ കൊളോണിയൽ ശക്തികളെല്ലാം കോർപറേറ്റ് കൊളോണിയലിസ്റ്റുകളുടെ പുതിയ രൂപത്തിൽ രംഗപ്രവേശം ചെയ്യുകയാണ്. സാമ്പത്തിക-വ്യാപാര സ്ഥാപനങ്ങളെ ഉപയോഗിച്ച് അവർ രാജ്യത്തെ വരുതിയിലാക്കുന്നു. ധനശക്തി ഉപയോഗിച്ച് രാഷ്ട്രീയത്തെ കളങ്കപ്പെടുത്തുന്നു. നമുക്കിടയിൽ രാഷ്ട്രീയ സംഘർഷം ഉണ്ടാക്കാനാണ് അവരുടെ ശ്രമം. വികസനത്തിന്റെ പേരിൽ എല്ലായിടത്തും ജനങ്ങൾ വ്യാപകമായി കുടിയിറക്കപ്പെടുകയാണ്. ആഗോളവൽക്കരണ കാലത്ത് ഭൂരിപക്ഷത്തിന്റെയും നിലനിൽപ് അപകടത്തിലാണ്. കൃഷിഭൂമി പിടിച്ചെടുത്ത് പ്രത്യേക സാമ്പത്തികമേഖല സൃഷ്ടിക്കുന്ന സർക്കാർ കർഷകരെ പെരുവഴിയിലാക്കുന്നു. പ്രകൃതിവിഭവങ്ങൾ ഊറ്റിയെടുക്കുന്ന കുത്തകകൾ സമൂഹത്തിൽ അസമത്വവും അവിശ്വാസവും വളർത്തുകയാണെന്ന് ശർമ ചൂണ്ടിക്കാട്ടി.

ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്തു. സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽഹമീദ് വാണിയമ്പലം അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് യു.പി സിദ്ദീഖ് പ്രസംഗിച്ചു. ബൻവാരിലാൽ ശർമയുടെ പ്രസംഗം സോളിഡാരിറ്റി സംസ്ഥാന പബ്ലിക് റിലേഷൻസ് സെക്രട്ടറി എം. സാജിദ് പരിഭാഷപ്പെടുത്തി. ജില്ലാ വൈസ് പ്രസിഡന്റ് കെ.എം മഖ്ബൂൽ സ്വാഗതവും സെക്രട്ടറി അബ്ദുല്ലാഹ് നന്ദിയും പറഞ്ഞു.

'നീതിക്ക് നിലനിൽപിന് യുവതയുടെ സമരസാക്ഷ്യം' എന്ന പ്രമേയവുമായി നഗരത്തിൽ നടന്ന പ്രകടനത്തിൽ ആയിരങ്ങൾ പങ്കെടുത്തു. സാമ്രാജ്യത്വം, ഭീകരത, എ.ഡി.ബി തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയുള്ള നിശ്ചല ദൃശ്യങ്ങൾ ശ്രദ്ധേയമായി. ആദിവാസി ഗോത്രമഹാസഭാ പ്രതിനിധികളും ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ട് ആക്ഷൻ കമ്മിറ്റിയംഗങ്ങളും പ്രത്യേക ക്ഷണിതാക്കളായിരുന്നു.

രാവിലെ മുനിസിപ്പൽ ടൗൺഹാൾ കോമ്പൗണ്ടിൽ നടന്ന 'സാമ്രാജ്യത്വ അധിനിവേശം: വർത്തമാനവും പ്രതിരോധവും' സംവാദത്തിൽ സോളിഡാരിറ്റി സംസ്ഥാന സമിതിയംഗം ഖാലിദ് മൂസ നദ്‌വി വിഷയമവതരിപ്പിച്ചു. ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് എം.ബി രാജേഷ്, എ.ഐ.വൈ.എഫ് സംസ്ഥാന സമിതിയംഗം പ്രദീപ്, എൻ.വൈ.എൽ സംസ്ഥാന പ്രസിഡന്റ് എൻ.കെ. അബ്ദുൽ അസീസ്, സോളിഡാരിറ്റി സംസ്ഥാനസമിതിയംഗം ഡോ. കെ. മുഹമ്മദ് നജീബ് പ്രസംഗിച്ചു. വി.എൻ ഹാരിസ് നന്ദി പറഞ്ഞു.

പ്രതിനിധി സമ്മേളനം ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന കൂടിയാലോചനാ സമിതിയംഗം കെ.എ യൂസുഫ് ഉമരി ഉദ്ഘാടനം ചെയ്തു. കെ.എം മഖ്ബൂൽ അധ്യക്ഷത വഹിച്ചു. സോളിഡാരിറ്റി സംസ്ഥാനസമിതിയംഗം എ.എ ഹലീം, ജമാഅത്തെ ഇസ്‌ലാമി മേഖലാ നാസിം പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി പ്രസംഗിച്ചു. സോളിഡാരിറ്റി പ്രതിനിധിസഭാംഗം ടി.കെ മുഹമ്മദലി സമ്മേളന പ്രമേയങ്ങൾ അവതരിപ്പിച്ചു. സമ്മേളന ജനറൽ കൺവീനർ കെ. സകരിയ്യ സ്വാഗതം പറഞ്ഞു. പി.എ ഖാലിദ് മൗലവി ഖിറാഅത്ത് നടത്തി. സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ സെവൻസ് ഫുട്ബോൾ മത്സരവിജയികൾക്ക് പി.പി അബ്ദുർറഹ്മാൻ സമ്മാനങ്ങൾ നൽകി.

ആറളം ഫാമിലെ ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഉടൻ ഭൂമിവിതരണം ചെയ്യണമെന്ന് സമ്മേളനം പ്രമേയത്തിലൂടെ സർക്കാറിനോടാവശ്യപ്പെട്ടു. വിലക്കയറ്റം തടഞ്ഞുനിർത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. വർഗീയ ധ്രുവീകരണശ്രമത്തെ മുഴുവൻ ജനങ്ങളും ശക്തമായി ചെറുക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ മാലിന്യസംസ്കരണത്തിന് ശാസ്ത്രീയ സംവിധാനം ഉടൻ ഒരുക്കണം. പുന്നോൽ പൊട്ടിപ്പാലത്തെ മാലിന്യനിക്ഷേപം നിർത്തലാക്കണം. കാട്ടാമ്പള്ളി ജലസേചന പദ്ധതി പരാജയമാണെന്ന് പ്രഖ്യാപിച്ച് അധികൃതർ മാപ്പുപറയണമെന്നും പ്രമേയത്തിൽ ആവശ്യപ്പെട്ടു.

റിപ്പോർട്ട്

# സേവനത്തിന്റെ കർമസാക്ഷ്യം രചിച്ച് സി.എസ്.ഡബ്ലിയു ക്യാമ്പ്

**2007** ഫെബ്രുവരി 9,10,11 തീയതികളിൽ വെള്ളിമാടുകുന്നിൽ നടന്ന കാമ്പസ് സർവീസ് വിംഗ്(സി.എസ്.ഡബ്ലിയു) സംസ്ഥാന ക്യാമ്പ് വിദ്യാർഥികൾക്ക് സേവനത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും അനുഭവപാഠങ്ങൾ പകർന്നുനൽകി. വിദ്യാർഥികളെ സാമൂഹിക പ്രതിബദ്ധതയുള്ളവരും സേവനസന്നദ്ധരുമാക്കുക, വിദ്യാർഥി വിഭവശേഷി ക്രിയാത്മകമായി ഉപയോഗപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ഐ.ആർ.ഡബ്ലിയുവിനു കീഴിൽ കാമ്പസുകളിൽ പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘമാണ് സി.എസ്.ഡബ്ലിയു. തെരഞ്ഞെടുക്കപ്പെട്ട 250-ൽപരം വിദ്യാർഥികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

വെള്ളിയാഴ്ച ജുമുഅയോടെ ആരംഭിച്ച ക്യാമ്പ് ഐ.ആർ.ഡബ്ലിയു ജനറൽ ക്യാപ്റ്റൻ കൂടിയായ ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്തു. ഇസ്‌ലാമിക പ്രവർത്തനത്തിന്റെ യഥാർഥ ചോദനയെക്കുറിച്ചും ശാരീരിക സഹായത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അമീർ ഉദ്ബോധിപ്പിച്ചു. ക്യാമ്പംഗങ്ങളുടെ അന്വേഷണങ്ങൾക്ക് അമീർ മറുപടി നൽകി. സേവനത്തിന്റെ മേഖല അതിവിശാലമാണെന്നും അതന്വേഷിച്ച് കണ്ടെത്തുകയാണ് വേണ്ടതെന്നും അധ്യക്ഷത വഹിച്ച ഐ.ആർ.ഡബ്ലിയു ജനറൽ കൺവീനർ ഖാജാ ശിഹാബുദ്ദീൻ പറഞ്ഞു.

മഗ്‌രിബിനു ശേഷം ഡോ. അബ്ദുല്ല മണിമയുടെ 'അനുഭവങ്ങൾ പാഠങ്ങൾ' എന്ന പഠന ക്ലാസ്സായിരുന്നു. സമയത്തിന്റെയും ശരീരത്തിന്റെയും സകാത്തിനെപറ്റി ചിന്തിക്കേണ്ട കാലമാണിതെന്നും ഏതു കാര്യത്തിലും മത്സരിക്കുന്ന മുസ്‌ലിം സംഘടനകൾ ജീവകാരുണ്യ മേഖലയോട് കാണിക്കുന്ന അവഗണന ഖേദകരമാണെന്നും അദ്ദേഹം പറഞ്ഞു. ഖുർആനികാശയങ്ങൾ അനുഭവങ്ങളിൽ ചാലിച്ചെടുത്ത് അദ്ദേഹം ലളിതമായി വിശദീകരിച്ചു. എന്നും ഉറങ്ങാൻ കിടക്കുമ്പോൾ ഒരശരണനെയെങ്കിലും സേവിച്ചതിന്റെ പാട് തന്റെ കാലിലുണ്ടോ എന്ന ചോദ്യമാണ് 'നിങ്ങൾ ഗിരിമാർഗം താണ്ടുന്നില്ല' എന്ന ഖുർആനികസൂക്തം ഉന്നയിക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് കാമ്പസുകളിൽനിന്നും പരിശീലനം നൽകിയ വിവിധ ട്രേഡുകളിലുള്ള മത്സരങ്ങൾക്ക് ഐ.ആർ.ഡബ്ലിയു പ്രവർത്തകർ നേതൃത്വം നൽകി. ജീവൻരക്ഷാ കെട്ടുകൾ, ചെയർനോട്ട്, ഫിഷർമെൻസ് നോട്ട്, സ്ട്രെച്ചർ നിർമാണം, പ്രഥമശുശ്രൂഷ തുടങ്ങി പത്തോളം ഇനങ്ങളിലാണ് മത്സരം നടന്നത്. വിജയികൾക്ക് സമ്മാനം നൽകി.

രണ്ടാം ദിവസം ആലംബഹീനരായ വൃദ്ധരും കുട്ടികളും താമസിക്കുന്ന ജുവനൈൽഹോം-അഗതിമന്ദിര പരിസരത്ത് സേവനം. ഒരു പാർക്കുണ്ടാക്കുകയായിരുന്നു ലക്ഷ്യം. രാവിലെത്തന്നെ വിവിധ ഗ്രൂപ്പുകളായി ഐ.ആർ.ഡബ്ലിയു ലീഡർമാരുടെ നേതൃത്വത്തിൽ സി.എസ്.ഡബ്ലിയു പ്രവർത്തകർ ജുവനൈൽ ഹോമിലെത്തി. ശിഹാബുദ്ദീൻ ഇബ്നു ഹംസയുടെ ഹദീസ് ക്ലാസ്സോടെയാണ് സേവനപ്രവർത്തനങ്ങൾ ആരംഭിച്ചത്. കാട് പിടിച്ചു കിടന്ന വിശാലമായ പ്രദേശം നിശ്ചയദാർഢ്യത്തോടെ സി.എസ്.ഡബ്ലിയു പ്രവർത്തകർ രംഗത്തിറങ്ങിയപ്പോൾ ക്ഷണനേരം കൊണ്ടൊരു പാർക്കുണ്ടാവുകയായിരുന്നു. പണിമുടങ്ങാതിരിക്കാൻ പ്രഭാതഭക്ഷണം പോലും ഷിഫ്റ്റായിട്ടാണ് കഴിച്ചത്. 9 മണിക്ക് സേവനപ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം കോഴിക്കോട് ഡെപ്യൂട്ടി മേയർ പ്രഫ. പി.ടി അബ്ദുല്ലത്വീഫ് നിർവഹിച്ചു. ആർദ്രത വറ്റിയ ലോകത്ത് സമൂഹത്തിന്റെ അരികിലേക്ക് മാറ്റപ്പെട്ടവരുടെ വളർച്ചക്കായുള്ള സി.എസ്.ഡബ്ലിയുവിന്റെ പ്രവർത്തനം സ്തുത്യർഹമാണെന്ന് അദ്ദേഹം പറഞ്ഞു. ടി.കെ ഹുസൈൻ അധ്യക്ഷനായിരുന്നു. ജ. ഇ കോഴിക്കോട് ജില്ലാ പ്രസിഡന്റ് വി.പി ബശീർ, ജുവനൈൽഹോം സൂപ്രണ്ട് രാജൻ എന്നിവർ ആശംസകളർപ്പിച്ചു. 12.30 ആകുമ്പോഴേക്കും അധികൃതർ നിശ്ചയിച്ചു തന്നതിന്റെ ഇരട്ടി സ്ഥലമായിരുന്നു പാർക്കിനു വേണ്ടി വെടിപ്പാക്കിയും ഇരിപ്പിടങ്ങളൊരുക്കിയും ചെടികൾ നട്ടുപിടിപ്പിച്ചും തയാറാക്കിയത്.

ഉച്ചക്കുശേഷം അന്തേവാസികൾക്കു വേണ്ടി സി.എസ്.ഡബ്ലിയു പ്രവർത്തകർ കലാപരിപാടികൾ നടത്തി. സമാപന ദിവസം കെ. മൊയ്തീൻ മാസ്റ്റർ ഹദീസ് ക്ലാസ്സെടുത്തു. കെ.വി ഖാലിദ് ഐ.ആർ.ഡബ്ലിയുവിനെ പരിചയപ്പെടുത്തി. *മാധ്യമം* അസോസിയേറ്റ് എഡിറ്റർ വി.എം ഇബ്റാഹീം 'വാർത്താമാധ്യമങ്ങളുടെ രാഷ്ട്രീയം' എന്ന ക്ലാസ്സെടുത്തു. എസ്.ഐ.ഒ കാമ്പസ് സെക്രട്ടറി യു. ഷൈജുവിന്റെ സമാപനപ്രസംഗത്തോടെയും ഒ.പി അബ്ദുസ്സലാം മൗലവിയുടെ ഉദ്ബോധനത്തോടെയും ത്രിദിന ക്യാമ്പ് അവസാനിച്ചു.

# 'സുഭദ്ര കുടുംബം സുരക്ഷിത സമൂഹം' കാമ്പയിന് വന്‍ സ്വീകാര്യത

**ദോഹ:** ഖത്തര്‍ ഇന്ത്യന്‍ ഇസ്‌ലാമിക് അസോസിയേഷന്‍ ജനുവരി 26 മുതല്‍ ഫെബ്രുവരി 16 വരെ സംഘടിപ്പിച്ച 'സുഭദ്ര കുടുംബം സുരക്ഷിത സമൂഹം' കാമ്പയിന് വമ്പിച്ച സ്വീകാര്യത. ജമാഅത്തെ ഇസ്‌ലാമി അസി. സെക്രട്ടറി എം.കെ മുഹമ്മദലി, ശൈഖ് മുഹമ്മദ് കാരകുന്ന്, ജസ്റ്റിസ് ഡി. ശ്രീദേവി, വി.ടി അബ്ദുല്ലക്കോയ, അല്‍ റഫ പോളിക്ലിനിക് സൈക്യാട്രിസ്റ്റ് ഡോ. മുഹമ്മദ് ഹസന്‍ തുടങ്ങിയവര്‍ പരിപാടികളില്‍ സംബന്ധിച്ചു.

ഉദ്ഘാടന സമ്മേളനം, ചര്‍ച്ചായോഗങ്ങള്‍, കുടുംബയോഗങ്ങള്‍, ഗൃഹാങ്കണ യോഗങ്ങള്‍, നേതൃസംഗമം, ടേബ്ള്‍ ടോക്ക്, കൗണ്‍സലിംഗ്, ജനസമ്പര്‍ക്ക പരിപാടികള്‍, ടീന്‍സ് മീറ്റുകള്‍, സമാപന സമ്മേളനം തുടങ്ങിയ വിവിധ പരിപാടികളിലൂടെ കാമ്പയിന്‍ സന്ദേശം ആയിരങ്ങളില്‍ എത്തിക്കാന്‍ സാധിച്ചു.

പ്രവര്‍ത്തകരെയും അനുഭാവികളെയും അവരുടെ കുടുംബങ്ങളെയും ഇസ്‌ലാമിക കുടുംബ സങ്കല്‍പത്തെക്കുറിച്ചും നിയമപരിധികളെക്കുറിച്ചും ബോധവല്‍ക്കരിക്കുക, ഇസ്‌ലാമിക കുടുംബ വ്യവസ്ഥയും മൂല്യങ്ങളും എല്ലാവര്‍ക്കും പരിചയപ്പെടുത്തുക, ആഡംബര-ഫാഷന്‍ ഭ്രമം, ധൂര്‍ത്തും ദുര്‍വ്യയവും, ലഹരി ഉപയോഗം തുടങ്ങി കുടുംബ ശൈഥില്യത്തിന് കാരണമാവുന്ന തിന്മകളെക്കുറിച്ച് ബോധവല്‍ക്കരിക്കുക, കൂട്ടുകുടുംബ ബന്ധങ്ങളുടെ പ്രാധാന്യം ഓര്‍മപ്പെടുത്തുക, പ്രവാസ ജീവിത പ്രശ്നങ്ങള്‍ക്ക് കൗണ്‍സലിംഗിലൂടെ പ്രതിവിധി നിര്‍ദേശിക്കുക, ഇസ്‌ലാം നിര്‍ദേശിക്കുന്ന സന്താന പരിപാലനവും കുടുംബ സംവിധാനവും ബോധ്യപ്പെടുത്തുക തുടങ്ങിയ ബഹുമുഖ ലക്ഷ്യങ്ങളോടെയാണ് കാമ്പയിന്‍ സംഘടിപ്പിച്ചത്.

കാമ്പയിന്‍ വിശദീകരിക്കാന്‍ അസോസിയേഷന്‍ ആസ്ഥാനത്ത് വിളിച്ചു ചേര്‍ത്ത പത്രസമ്മേളനത്തില്‍ ശൈഖ് മുഹമ്മദ് കാരകുന്നും ഡോ. മുഹമ്മദ് ഹസനും സംസാരിച്ചു. ഫനാര്‍ ഓഡിറ്റോറിയത്തില്‍ നടന്ന ഉദ്ഘാടന സമ്മേളനത്തില്‍ ആയിരങ്ങള്‍ പങ്കെടുത്തു. ക്യു.ഐ.സി.സി ഇസ്‌ലാമിക് കള്‍ച്ചറല്‍ വിഭാഗം തലവന്‍ അബ്ദുല്ല അല്‍ മുല്ല കാമ്പയിന്‍ ഉദ്ഘാടനം ചെയ്തു. ശൈഖ് മുഹമ്മദ് കാരകുന്ന്, വി.ടി അബ്ദുല്ലക്കോയ പ്രസംഗിച്ചു.

നാല് മേഖലാ യോഗങ്ങളും 135-ഓളം ഗൃഹാങ്കണ യോഗങ്ങളും നിരവധി ഗൃഹയോഗങ്ങളും നടന്നു. 15 കുടുംബ കൗണ്‍സലിംഗുകള്‍ സംഘടിപ്പിച്ചു. ഡോ. മുഹമ്മദ് ഹസന്‍ കൗണ്‍സലിംഗിന് നേതൃത്വം നല്‍കി.

ഖത്തര്‍ ഡ്രാമാ ഹാളില്‍ നടത്തിയ സംഗമത്തില്‍ സഹോദര സമുദായങ്ങളിലെ നിരവധി കുടുംബങ്ങള്‍ പങ്കുകൊണ്ടു. പ്രഭാഷണങ്ങള്‍ക്ക് പുറമെ സംശയനിവാരണത്തിനും സന്ദര്‍ഭമുണ്ടായിരുന്നു.

വ്യത്യസ്ത മുസ്‌ലിം സംഘടനാ സാരഥികളെയും പൗരപ്രമുഖരെയും പങ്കെടുപ്പിച്ച് സംഘടിപ്പിച്ച പരിപാടി ഏറെ ശ്രദ്ധേയമായി. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ബാപ്പുട്ടി മുസ്‌ലിയാര്‍ ബാഖവി, ശാഹുല്‍ വാടാനപ്പള്ളി, അഹ്മദ് അന്‍സാരി, ഇഖ്ബാല്‍ ചേറ്റുവ, കെ. അബ്ദുല്‍കരീം, എം. ഉസ്മാന്‍, കെ.കെ ഉസ്മാന്‍, ഇ. അബ്ദുസ്സലാം, കെ.പി നൂറുദ്ദീന്‍, എം.ടി അബ്ദുസ്സമദ്, അബ്ദുല്ല കല്ലാച്ചി, എം.കെ മുഹമ്മദലി സംസാരിച്ചു. ശൈഖ് മുഹമ്മദ് കാരകുന്ന് മുഖ്യ പ്രഭാഷകനായിരുന്നു.

സമാപന സമ്മേളനം ജസ്റ്റിസ് ഡി. ശ്രീദേവി ഉദ്ഘാടനം ചെയ്തു. വി.ടി അബ്ദുല്ലക്കോയ, എം.കെ മുഹമ്മദലി, ഡോ. മുഹമ്മദ് ഹസന്‍, സുബൈര്‍ അബ്ദുല്ല പ്രസംഗിച്ചു.

# ഛിദ്രശക്തികള്‍ക്കെതിരെ ജാഗ്രത്താവുക - ഡെ. സ്പീക്കര്‍

**മണ്ണാര്‍ക്കാട്:** സാമുദായിക സ്പര്‍ധയും വര്‍ഗീയതയും വളര്‍ത്താന്‍ ശ്രമിക്കുന്ന ഛിദ്രശക്തികളെക്കുറിച്ച് സമൂഹം ജാഗ്രത്താവണമെന്ന് നിയമസഭാ ഡെപ്യൂട്ടി സ്പീക്കര്‍ ജോസ് ബേബി ആവശ്യപ്പെട്ടു. സ്നേഹ സാഹോദര്യവികാരങ്ങള്‍ ശക്തിപ്പെടുത്താനുതകുന്ന ശരിയായ ശിക്ഷണം ഇളംതലമുറക്ക് നല്‍കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഇര്‍ശാദ് സ്ഥാപനങ്ങളുടെ വാര്‍ഷികം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചെയര്‍മാന്‍ കെ.കെ മമ്മുണ്ണി മൗലവി അധ്യക്ഷത വഹിച്ചു. ജ.ഇ സംസ്ഥാന അസി. അമീര്‍ എം.ഐ അബ്ദുല്‍ അസീസ് മുഖ്യപ്രഭാഷണം നടത്തി. കളത്തില്‍ അബ്ദുല്ല, ജ.ഇ ജില്ലാ പ്രസിഡന്റ് മൂസ മൗലവി ആശംസകള്‍ നേര്‍ന്നു. എം.കെ മുഹമ്മദ് കുഞ്ഞി, എം. അബ്ദുര്‍റഹ്മാന്‍ സമ്മാനദാനം നടത്തി. കെ. ബി.എം സലീം സ്വാഗതവും സി.എച്ച് മുഹമ്മദലി നന്ദിയും പറഞ്ഞു. വിദ്യാര്‍ഥികള്‍ തയാറാക്കിയ *സിംഫണി* (ഇംഗ്ലീഷ്), *അല്‍ഹുദാ* (അറബി) കൈയെഴുത്തു മാഗസിനുകളുടെ പ്രകാശനം വൈസ് ചെയര്‍മാന്‍ പി.സി ഹംസ നിര്‍വഹിച്ചു.

കലാപരിപാടികളുടെ ഉദ്ഘാടനം മണ്ണാര്‍ക്കാട് എ.ഇ.ഒ അബൂബക്കര്‍ നിര്‍വഹിച്ചു. വൈസ് ചെയര്‍മാന്‍ അഡ്വ. പി. മുഹമ്മദ് അധ്യക്ഷത വഹിച്ചു. പ്രഫ. അന്നമ്മ ജെയിംസ് സ്വാഗതവും ഭവാനി രാമകൃഷ്ണന്‍ നന്ദിയും പറഞ്ഞു.